കള്ള് ഉല്പാദനം

60 (1883)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ പ്രതിവർഷം ഏകദേശം എത്ര ലിറ്റർ കള്ള് ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) കള്ളുഷാപ്പുകളിൽ വിൽക്കപ്പെടുന്ന കള്ളിന്റെ വില നിശ്ചയിക്കുന്നത് ഗവൺമെന്റാണോ കള്ളുഷാപ്പുടമയാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ ഓരോ ജില്ലയിലും വിൽക്കപ്പെടുന്ന കള്ളിന്റെ വിൽപ്പനനിലവാരം എത്രയാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ പ്രതിവർഷം ഏകദേശം 113,49,432 ലിറ്റർ കള്ള് ഉല്പാദിപ്പിക്കുന്നുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.†

(സി) കള്ളുഷാപ്പുകളിൽ വിൽക്കപ്പെടുന്ന കള്ളിന്റെ വില നിശ്ചയിക്കുന്നത് കള്ളുഷാപ്പ് ഉടമയാണ്.

(ഡി) ഓരോ ജില്ലയിലും വിൽക്കപ്പെടുന്ന കള്ളിന്റെ നിലവാരം അനുബന്ധം ബി' ആയി ചേർത്തിരിക്കുന്നു.†

കള്ള്ഷാപ്പ് ലേലത്തിൽ ലഭിച്ച തുക

61 (1884)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1999-2000 സാമ്പത്തിക വർഷത്തിലെ കള്ള്ഷാപ്പ് ലേലത്തിൽ ലഭിച്ചതുക എത്രയാണ്;

(ബി) ജില്ലാ-റേഞ്ച് തിരിച്ച് ഇതിന്റെ കണക്ക് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം റേഞ്ചിൽ 1999-2000 വർഷത്തെ കള്ള്ഷാപ്പ് ലേലത്തിന്റെ സംഖ്യ എത്രയാണ്; ഒരുദിവസം എത്രരൂപാ വച്ച് ലേലസംഖ്യയുടെ അടിസ്ഥാനത്തിൽ ഖജനാവിൽ അടയ്ക്കണം എന്ന് വ്യക്തമാക്കുമോ;

(ഡി) കള്ള്ഷാപ്പുകളുടെ ലേല സംഖ്യ അമിതമായി വർദ്ധിപ്പിക്കുന്നത് കള്ള് വ്യവസായത്തെ തകർക്കാൻ ഇടവരുത്തും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

---

† അനുബന്ധം VIII (എ&ബി)

LIBRARY ARCHIVES Kerala Legislative Assembly